# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ചെങ്ങന്നൂർ ബ്ലോക്ക് പഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001

ഇ-മെയിൽ: ddhglfalpy@gmail.com

ഫോൺ : 0477-2252753

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA/ALP/BP/693/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001
തീയ്യതി: 08/07/2022
ഇ-മെയിൽ: ddhglfalpy@gmail.com
ഫോൺ: 0477-2252753

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ചെങ്ങന്നൂർ ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം : ചെങ്ങന്നൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ചെങ്ങന്നൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1.ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.(ഉപരിപത്രം സഹിതം)
2.അസിസ്റ്റന്റ് ഡവലപ്പ്മെന്റ് കമ്മീഷണർ(ജനറൽ), ആലപ്പുഴ
3.കാര്യാലയ പകർപ്പ്.

നമ്പർ: KSA/ALP/BP/693/2022 തീയ്യതി: 08/07/2022

## ആലപ്പുഴ ജില്ലയിലെ ചെങ്ങന്നൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ആലപ്പുഴ ജില്ലയിലെ ചെങ്ങന്നൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-01-2020 മുതൽ 31-03-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 22 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 6 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ഹരികുമാർ.ജി | സീനിയർ ഡെപ്യൂട്ടി ഡയറക്ടർ | 04-04-2022 | 19-04-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 04-04-2022 | 19-04-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി മിനി.പി.രാധാകൃഷ്ണൻ, ഓഡിറ്റ് ഓഫീസർ
ശ്രീമതി മായാദേവി.സി.എസ്, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി സിന്ധ്യ.പി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി.സുലജ.ആർ | സെക്രട്ടറി | 01-04-2020 | 03-06-2020 |
| ശ്രീ.ഷാജി.കെ.എച്ച് | സെക്രട്ടറി-ഇൻ-ചാർജ്ജ് | 04-06-2020 | 09-08-2020 |
| ശ്രീമതി.സഖി.എം | സെക്രട്ടറി | 10-08-2020 | 31-12-2020 |
| ശ്രീമതി.ബീന.എസ്സ് | സെക്രട്ടറി | 01-01-2021 | 31-03-2021 |
| ശ്രീമതി.അജിത.പി.സി | പ്രസിഡന്റ് | 01-04-2020 | 31-12-2020 |
| ശ്രീ.ജെബിൻ.പി.വർഗ്ഗീസ് | പ്രസിഡന്റ് | 01-01-2021 | 31-03-2021 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.അനിൽകുമാർ.വി | അസിസ്റ്റന്റ് ഡയറക്ടർ ഓഫ് അഗ്രിക്കൾച്ചർ | 01-04-2020 | 13-05-2020 |
| ശ്രീമതി.ഗീത.എസ്സ് | അസിസ്റ്റന്റ് ഡയറക്ടർ ഓഫ് അഗ്രിക്കൾച്ചർ | 14-05-2020 | 31-03-2021 |
| ശ്രീമതി.വിജയലക്ഷ്മി. സി.ഐ. | സി.ഡി.പി.ഒ | 01-04-2020 | 09-09-2020 |
| ശ്രീമതി.ഷീല .എസ്സ് | സി.ഡി.പി.ഒ | 10-09-2020 | 31-03-2021 |
| ശ്രീമതി. ഇന്ദു.എൽ.ആർ | അസിസ്റ്റന്റ് എഞ്ചിനിയർ | 01-04-2020 | 16-02-2021 |
| ശ്രീമതി.ജിഷി.ആർ | അസിസ്റ്റന്റ് എഞ്ചിനിയർ | 17-02-2021 | 31-03-2021 |
| ഡോക്ടർ. ചിത്ര കെ. ബി | മെഡിക്കൽ ഓഫീസർ, സി.എച്ച്.സി | 01-04-2020 | 31-03-2021 |
| ശ്രീ.അഭിലാഷ് വർമ പി.ഐ | ഇൻഡസ്ട്രിയൽ എക്സ്റ്റൻഷൻ ഓഫിസർ | 01-04-2020 | 01-01-2021 |
| ശ്രീ.ജയമോഹൻ.എസ് | ഇൻഡസ്ട്രിയൽ എക്സ്റ്റൻഷൻ ഓഫിസർ | 02-01-2021 | 13-01-2021 |
| ശ്രീ.അശോകൻ.ബി | ഇൻഡസ്ട്രിയൽ എക്സ്റ്റൻഷൻ ഓഫിസർ | 14-01-2021 | 24-02-2021 |
| ശ്രീമതി.ദീപ്തി.സി.കെ | ഇൻഡസ്ട്രിയൽ എക്സ്റ്റൻഷൻ ഓഫിസർ | 25-02-2021 | 31-03-2021 |
| ശ്രീമതി ബിജു സുന്ദർ | എസ്.സി.ഡി.ഒ. | 01-04-2020 | 02-08-2020 |
| ശ്രീ.രാജേഷ്.വി | എസ്.സി.ഡി.ഒ. | 03-08-2020 | 25-02-2021 |
| ശ്രീമതി.സോഫിയമോൾ | എസ്.സി.ഡി.ഒ. | 26-02-2021 | 31-03-2021 |
| ശ്രീ.ജിപ്സൺ ജോസ് | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് | 01-04-2020 | 31-03-2021 |

| | | | |
|---|---|---|---|
| | എഞ്ചിനിയർ | | |

## ഉള്ളടക്കം



| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Sindhya.P (Asst. Audit Officer, On 16-04-2022)<br>Last Updated By: Mini.P.Radhakrishnan (Audit Officer, On 29-06-2022) | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക<br>Written By: Sindhya.P (Asst. Audit Officer, On 16-04-2022)<br>Last Updated By: Mini.P.Radhakrishnan (Audit Officer, On 29-06-2022) | 1-2 |
| 3 | വാർഷിക കണക്കിലെ അപാകതകൾ<br>Written By: C.S Mayadevi (Asst. Audit Officer, On 03-05-2022)<br>Last Updated By: Mini.P.Radhakrishnan (Audit Officer, On 29-06-2022) | 1-2-1 |
| 4 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)<br>Written By: Sindhya.P (Asst. Audit Officer, On 17-04-2022)<br>Last Updated By: Mini.P.Radhakrishnan (Audit Officer, On 03-05-2022) | 1-3 |
| 5 | ഫണ്ട് വിനിയോഗം (എ സി ആർ പ്രകാരം)<br>Written By: C.S Mayadevi (Asst. Audit Officer, On 27-06-2022)<br>Last Updated By: Mini.P.Radhakrishnan (Audit Officer, On 29-06-2022) | 1-4 |
| 6 | പദ്ധതി അവലോകനം<br>Written By: Sindhya.P (Asst. Audit Officer, On 17-04-2022)<br>Last Updated By: Mini.P.Radhakrishnan (Audit Officer, On 29-06-2022) | 1-5 |
| 7 | തൊഴിലുറപ്പ് പദ്ധതി<br>Written By: Sindhya.P (Asst. Audit Officer, On 17-04-2022)<br>Last Updated By: Mini.P.Radhakrishnan (Audit Officer, On 29-06-2022) | 1-6 |
| 8 | ക്ഷേമ പദ്ധതികൾ<br>Written By: Mini.P.Radhakrishnan (Audit Officer, On 03-05-2022)<br>Last Updated By: Mini.P.Radhakrishnan (Audit Officer, On 29-06-2022) | 1-7 |
| 9 | ക്യാഷ് ബാലൻസ് പരിശോധനാ സാക്ഷ്യപത്രം<br>Written By: Mini.P.Radhakrishnan (Audit Officer, On 03-05-2022)<br>Last Updated By: Mini.P.Radhakrishnan (Audit Officer, On 29-06-2022) | 1-8 |
| 10 | ആഭ്യന്തര നിയന്ത്രണം<br>Written By: Mini.P.Radhakrishnan (Audit Officer, On 03-05-2022)<br>Last Updated By: Mini.P.Radhakrishnan (Audit Officer, On 29-06-2022) | 1-9 |
| 11 | വയബിലിറ്റി ഗ്യാപ് ഫണ്ട്-പ്ലാസ്റ്റിക് വിറ്റഴിച്ചതിന് വരുമാനം ലഭിച്ചില്ല<br>Written By: C.S Mayadevi (Asst. Audit Officer, On 21-04-2022)<br>Last Updated By: Mini.P.Radhakrishnan (Audit Officer, On 29-06-2022) | 1-10 |
| 12 | വനിതകൾക്ക് ഗാർമെന്റ് യൂണിറ്റ് - യൂണിറ്റുകളുടേത് പ്രശംസനീയമായ പ്രവർത്തനം<br>Written By: C.S Mayadevi (Asst. Audit Officer, On 19-04-2022)<br>Last Updated By: Mini.P.Radhakrishnan (Audit Officer, On 29-06-2022) | 1-11 |
| 13 | മൈനർ ഇറിഗേഷൻ ഡിപ്പാർട്ട്മെന്റിൽ നിക്ഷേപിച്ച 33,75,000/- രൂപ നിക്ഷേപമായി തുടരുന്നു<br>Written By: Mini.P.Radhakrishnan (Audit Officer, On 21-04-2022)<br>Last Updated By: Mini.P.Radhakrishnan (Audit Officer, On 30-06-2022) | 1-12 |
| 14 | കായലോടി പുഞ്ച ലിഫ്റ്റ് ഇറിഗേഷൻ-പൂർത്തീകരിച്ചിട്ടില്ല<br>Written By: Mini.P.Radhakrishnan (Audit Officer, On 03-05-2022)<br>Last Updated By: Mini.P.Radhakrishnan (Audit Officer, On 29-06-2022) | 1-13 |
| 15 | ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി-ലൈൻ എക്സ്റ്റൻഷൻ<br>Written By: Mini.P.Radhakrishnan (Audit Officer, On 03-05-2022)<br>Last Updated By: Mini.P.Radhakrishnan (Audit Officer, On 30-06-2022) | 1-14 |
| 16 | പട്ടിക ജാതി കോളനികളിൽ സൗര വൈദ്യുതവിളക്കുകൾ സ്ഥാപിക്കുന്നതിന് അനർട്ടിൽ തുക നിക്ഷേപിച്ചത്- പൂർണ്ണമായി ചെലവഴിക്കാതെ | 1-15 |

| | | |
|---|---|---|
| | നിക്ഷേപമായി തുടരുന്നു<br>Written By: C.S Mayadevi (Asst. Audit Officer, On 20-04-2022)<br>Last Updated By: Mini.P.Radhakrishnan (Audit Officer, On 29-06-2022) | |
| 17 | ബ്ലോക്ക് പഞ്ചായത്തിന് ക്യാമറ- കമ്മറ്റി തീരുമാനം നടപ്പാക്കിയില്ല<br>Written By: C.S Mayadevi (Asst. Audit Officer, On 19-04-2022)<br>Last Updated By: Mini.P.Radhakrishnan (Audit Officer, On 29-06-2022) | 1-16 |
| 18 | ഓട്ടിസം സെന്ററിന് ഉപകരണങ്ങൾ - വാങ്ങൽ നടപടിയിലെ അപാകതകൾ<br>Written By: Sindhya.P (Asst. Audit Officer, On 21-04-2022)<br>Last Updated By: Mini.P.Radhakrishnan (Audit Officer, On 29-06-2022) | 1-17 |
| 19 | കാലിത്തീറ്റ വാങ്ങൽ സബ്സിഡി - രേഖകൾ പൂർണമല്ലാത്തത് സംബന്ധിച്ച്<br>Written By: Sindhya.P (Asst. Audit Officer, On 03-05-2022)<br>Last Updated By: Mini.P.Radhakrishnan (Audit Officer, On 30-06-2022) | 1-18 |
| 20 | ജനകീയ ഹോട്ടലുകൾക്ക് ബ്ലോക്ക് വിഹിതം- വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല<br>Written By: C.S Mayadevi (Asst. Audit Officer, On 20-04-2022)<br>Last Updated By: Mini.P.Radhakrishnan (Audit Officer, On 29-06-2022) | 1-19 |
| 21 | ഭിന്നശേഷി വിഭാഗം കുട്ടികൾക്ക് സ്കോളർഷിപ്പ് വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയില്ല<br>Written By: Sindhya.P (Asst. Audit Officer, On 21-04-2022)<br>Last Updated By: Mini.P.Radhakrishnan (Audit Officer, On 29-06-2022) | 1-20 |
| 22 | സ്കൂളുകൾക്ക് ഷീ പാഡ് പദ്ധതി- ഒരേ ആവശ്യത്തിന് വ്യത്യസ്ത പ്രോജക്ടുകൾ<br>Written By: C.S Mayadevi (Asst. Audit Officer, On 21-04-2022)<br>Last Updated By: Mini.P.Radhakrishnan (Audit Officer, On 29-06-2022) | 1-21 |
| 23 | ഭൂരഹിതർക്ക് ഭൂമി വാങ്ങൽ സംബന്ധിച്ച്<br>Written By: C.S Mayadevi (Asst. Audit Officer, On 24-04-2022)<br>Last Updated By: Mini.P.Radhakrishnan (Audit Officer, On 07-07-2022) | 1-22 |
| 24 | വിവിധ പാട ശേഖരസമിതികൾക്ക് പമ്പ് സെറ്റ് വാങ്ങി നൽകിയത് സംബന്ധിച്ച്<br>Written By: C.S Mayadevi (Asst. Audit Officer, On 24-04-2022)<br>Last Updated By: Mini.P.Radhakrishnan (Audit Officer, On 07-07-2022) | 1-23 |
| 25 | വിവിധ ആവശ്യങ്ങൾക്കായി ലഭിച്ച തുകകൾ ചെലവഴിക്കാതെ ശേഷിക്കുന്നു,<br>Written By: C.S Mayadevi (Asst. Audit Officer, On 20-05-2022)<br>Last Updated By: Mini.P.Radhakrishnan (Audit Officer, On 30-06-2022) | 1-24 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| | --- No Records Found --- | |
| | **ഭാഗം 4** | |
| 1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: C.S Mayadevi (Asst. Audit Officer, On 22-04-2022)<br>Last Updated By: Mini.P.Radhakrishnan (Audit Officer, On 30-06-2022) | 4-1 |
| 2 | നിക്ഷേപ പ്രവൃത്തികൾക്ക് നല്കിയ തുകയുടെ വിവരങ്ങൾ<br>Written By: C.S Mayadevi (Asst. Audit Officer, On 22-04-2022)<br>Last Updated By: Mini.P.Radhakrishnan (Audit Officer, On 30-06-2022) | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: C.S Mayadevi (Asst. Audit Officer, On 22-04-2022)<br>Last Updated By: Mini.P.Radhakrishnan (Audit Officer, On 30-06-2022) | 4-3 |
| 4 | വായ്പ/ വായ്പാതിരിച്ചടവ്<br>Written By: Mini.P.Radhakrishnan (Audit Officer, On 20-06-2022)<br>Last Updated By: Mini.P.Radhakrishnan (Audit Officer, On 30-06-2022) | 4-4 |
| 5 | സ്ഥിര നിക്ഷേപം<br>Written By: Mini.P.Radhakrishnan (Audit Officer, On 03-05-2022) | 4-5 |

| | | |
|---|---|---|
| | Last Updated By: Mini.P.Radhakrishnan (Audit Officer, On 30-06-2022) | |
| 6 | ഓഡിറ്റ് റിക്കവറി<br>Written By: Mini.P.Radhakrishnan (Audit Officer, On 03-05-2022)<br>Last Updated By: Mini.P.Radhakrishnan (Audit Officer, On 30-06-2022) | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: Mini.P.Radhakrishnan (Audit Officer, On 03-05-2022)<br>Last Updated By: Mini.P.Radhakrishnan (Audit Officer, On 28-06-2022) | 4-7 |
| 8 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം<br>Written By: Mini.P.Radhakrishnan (Audit Officer, On 03-05-2022)<br>Last Updated By: Mini.P.Radhakrishnan (Audit Officer, On 30-06-2022) | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Mini.P.Radhakrishnan (Audit Officer, On 03-05-2022)<br>Last Updated By: Mini.P.Radhakrishnan (Audit Officer, On 07-07-2022) | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Mini.P.Radhakrishnan (Audit Officer, On 03-05-2022)<br>Last Updated By: Mini.P.Radhakrishnan (Audit Officer, On 07-07-2022) | 4-10 |
| | അനുബന്ധം | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

2020-21 വർഷത്തെ ബജറ്റ് 28-02-20 തീയതിയിലെ I(1) നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു.

| | വരവ് | ചെലവ് |
|---|---|---|
| ബജറ്റ് പ്രകാരം | 191914497 | 191533481 |
| ഇൻകം & എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരം | 56994447 | 55672850 |

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.2021 | 16-07-2021 |

### 1-2-1 വാർഷിക കണക്കിലെ അപാകതകൾ

2020-21 വർഷത്തെ ബ്ലോക്ക് പഞ്ചായത്തിന്റെ വാർഷികകണക്കുകൾ പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

1)അഡ്വാൻസ് രജിസ്റ്റർ, ഡെപ്പോസിറ്റ് രജിസ്റ്റർ എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. ആകയാൽ വാർഷികകണക്കിൽ രേഖപ്പെടുത്തിയിട്ടുള്ള ഇതുസംബന്ധിച്ച കണക്കുകളുടെ കൃത്യത പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല.

2)താഴെ ചേർത്തിട്ടുള്ള ബാങ്ക് അക്കൗണ്ടിലെ തുകകൾ വാർഷിക കണക്കിലെ തുകകളുമായി പൊരുത്തപ്പെടുന്നില്ല.

| ഇനം | വാർഷികകണക്ക് പ്രകാരമുള്ള തുക | ബാങ്ക് അക്കൗണ്ട് പ്രകാരമുള്ള തുക | റിമാർക്സ് |
|---|---|---|---|
| കോപ്പറേറ്റീവ് ബാങ്ക്-കമ്പൈൻഡ് ഹാർവെസ്റ്റർ | 224478 | 252839 | 2018-19 വർഷത്തെ നീക്കിയിരിപ്പ് തുകയാണ് രേഖപ്പെടുത്തിയിട്ടുള്ളത്. |
| SBT IAY Plan | 31056388 | 27824651 | |

റിക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

5) ഷെഡ്യൂൾ B-17 പ്രകാരം താഴെ ചേർത്തിട്ടുള്ള തുകകൾ നീക്കിയിരിപ്പുള്ളതായി കാണുന്നു. എന്നാൽ ഇവയുടെ വിശദാംശങ്ങൾ പരിശോധിക്കുന്നതിനായി ബാങ്ക് പാസ് ബുക്കുകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.

| ഇനം |
|---|
| ട്രഷറി അക്കൗണ്ട്സ് കോവിഡ് |
| സ്പെഷ്യൽ ഹൗസ് പ്ലാൻ -ഓറിയന്റൽ ബാങ്ക് ഓഫ് കൊമേഴ്സ് |
| ഐ ഓ ബി നിർമൽപുരസ്കാർ |
| ചെറിയനാട് സർവീസ് കോപ്പറേറ്റീവ് സൊസൈറ്റി |

| |
|---|
| എം ജി എൻ ആർ ഇ ജി എസ് |
| മിസലേനിയസ് അക്കൗണ്ട് |
| റിവോൾവിംഗ് ഫണ്ട് |
| എം കെ എസ് പി-SBI |
| IOB-നിർമ്മൽ പുരസ്കാരം |

6) ആസ്തി രജിസ്റ്റർ കാലികമാക്കി പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. ആയതിനാൽ ആസ്തി സംബന്ധിച്ച വിവരങ്ങളുടെ കൃത്യത പരിശോധിക്കാൻ സാധിച്ചില്ല.

7)ലോൺ രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കാത്തതിനാൽ, വായ്പതുകയുടെ വിവരങ്ങൾ പരിശോധിച്ച് ഉറപ്പ് വരുത്തുവാൻ കഴിഞ്ഞിട്ടില്ല.

മേൽ അപാകതകളിന്മേൽ വിശദീകരണം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (ഓഡിറ്റ് അന്വേഷണം നം.18/19.4.2022) മറുപടി ലഭ്യമാക്കിയില്ല. അപാകതകൾ പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 42853254 |
| വരവ് | 68205484 |
| ആകെ | 111058738 |
| ചെലവ് | 70811348 |
| നീക്കിയിരിപ്പ് | 40247390 |

## 1-4 ഫണ്ട് വിനിയോഗം (എ സി ആർ പ്രകാരം)

| ഫണ്ടിനം | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | 0 | 27293402 | 27293402 | 25912690 | 1380712 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | 0 | 23439300 | 23439300 | 21934290 | 1505010 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | 0 | 261000 | 261000 | 110400 | 150600 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | 0 | 0 | 0 | 0 | 0 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | 0 | 4765308 | 4765308 | 4738793 | 26515 |

| | | | | | |
|---|---|---|---|---|---|
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | 0 | 10260000 | 10260000 | 4384536 | 5875464 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 108 | 123230072 | 80 | 58758194 | 27 | 1 | 74 |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ

(ആരംഭിക്കാതെ ഉപേക്ഷിച്ചവ)

1. 134/21 വാഴവേലിക്കുളം നവീകരണം ചെറിയനാട് വാർഡ് 4

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 0 | 1289313 | 1289313 | 813408 | 475905 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 0 | 0 | 0 | 0 |
| ആകെ | | 1289313 | 1289313 | 813408 | 475905 |

## 1-7 ക്ഷേമ പദ്ധതികൾ

ഇല്ല

## 1-8 ക്യാഷ് ബാലൻസ് പരിശോധനാ സാക്ഷ്യപത്രം

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 12.04.2022-ന് 12.30pm-ന് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. ക്യാഷ് ബാലൻസ് ഇല്ല എന്ന് കണ്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

താഴെപ്പറയുന്ന കാര്യങ്ങൾ ഒഴിച്ചാൽ, ബ്ലോക്ക് പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവെ കാര്യക്ഷമമാണ്. ബ്ലോക്ക് പഞ്ചായത്തിന്റെ പുതുതായി സൃഷ്ടിക്കപ്പെടുന്ന ആസ്തികൾ, നിലവിലുള്ള ആസ്തികൾ എന്നിവ മാത്രം ഉൾപ്പെടുത്തി ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. കോളനികളുടെ സമഗ്രവികസനത്തിനായുള്ള പ്രോജക്ടുകളുടെ മോണിട്ടറിംഗ് ഫലപ്രദമായി നടത്തുന്നില്ല. മിനിട്സുകൾ പരിശോധിച്ചതിൽ, എസ്.സി.പി മേഖലകളിൽ ആവശ്യമുള്ള പദ്ധതികൾ ചർച്ച ചെയ്യപ്പെടുന്നില്ല. കമ്മറ്റികളിൽ എസ്.സി.പി മേഖലകളിൽ ആവശ്യമുള്ള പദ്ധതികൾ ചർച്ച ചെയ്യപ്പെടുകയും നടപ്പിലാക്കുന്ന പദ്ധതികളുടെ മോണിട്ടറിംഗും അനിവാര്യമാണ്. ബ്ലോക്ക് തലത്തിൽ സ്വയം തൊഴിൽ മേഖലയിൽ കൂടുതൽ സംരംഭങ്ങൾ ഏറ്റെടുക്കുന്നതിന് പ്രോജക്ടുകൾ ആവിഷ്കരിക്കേണ്ടതാണ്. കൊയ്ത്തുമെതിയെന്ത്രം പോലുള്ള ആസ്തികളുടെ സംരക്ഷണ ചുമതല നിർവഹിക്കുന്നതിൽ കാര്യക്ഷമമായ ഇടപെടലുകൾ നടത്തേണ്ടതാണ്.

## 1-10 വയബിലിറ്റി ഗ്യാപ് ഫണ്ട്-പ്ലാസ്റ്റിക് വിറ്റഴിച്ചതിന് വരുമാനം ലഭിച്ചില്ല

ക്ലീൻ കേരള കമ്പനിയ്ക്ക് വയബിലിറ്റി ഗ്യാപ് ഫണ്ട്

പ്രോജക്ട് നം. S0016/21

വയബിലിറ്റി ഗ്യാപ് ഫണ്ട് നൽകുന്നതിനായി ആവിഷ്കരിച്ച പ്രോജക്ട് പ്രകാരം 2,06,000/- രൂപ ക്ലീൻ കേരള കമ്പനിയ്ക്ക് നൽകിയിട്ടുണ്ട്. എന്നാൽ ബ്ലോക്ക് പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ഷ്രെഡ്ഡിംഗ് യൂണിറ്റിൽ പൊടിച്ച പ്ലാസ്റ്റിക്കുകൾ ക്ലീൻ കേരള കമ്പനിയ്ക്ക് നല്കിയ ഇനത്തിൽ വരവൊന്നും ലഭിച്ചിട്ടില്ല. ഇപ്രകാരം തുക ലഭിക്കാതിരുന്നത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (15/18.4.2022) ലഭ്യമാക്കിയ മറുപടിയിൽ കണക്കുകൾ പരിശോധിച്ച് ടി കമ്പനിയിൽ നിന്നും അർഹമായ തുക വരവ് ഈടാക്കി ഓഡിറ്റിൽ അറിയിക്കുന്നതാണെന്ന് അറിയിച്ചു. ബ്ലോക്ക് പഞ്ചായത്തിന് പ്ലാസ്റ്റിക് പൊടിച്ച് നൽകിയതുമായി ബന്ധപ്പെട്ട കണക്കുകൾ പരിശോധിച്ച് വരുമാനം ലഭിക്കുന്നതിനാവശ്യമായ തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-11 വനിതകൾക്ക് ഗാർമെന്റ് യൂണിറ്റ് - യൂണിറ്റുകളുടേത് പ്രശംസനീയമായ പ്രവർത്തനം

പ്രോജക്ട് നം. S0121/21

വനിതകൾക്ക് സ്വയം തൊഴിൽ, അത് വഴി സ്ത്രീകൾക്ക് സ്വയം പര്യാപ്തത എന്ന ലക്ഷ്യം മുൻനിർത്തി ആവിഷ്കരിച്ച പദ്ധതിയാണ് വനിതകൾക്ക് ഗാർമെന്റ് യൂണിറ്റ്. വ്യവസായ വികസന ഓഫീസർ മുഖേന നടപ്പാക്കിയ ടി പ്രോജക്ട് പ്രകാരം ആലാ ഗ്രാമപഞ്ചായത്തിലെ വിശ്വഭാരതി തയ്യൽ യൂണിറ്റിന് 1,66,940/- രൂപ സബ്സിഡിയായി അനുവദിച്ചിട്ടുണ്ട്. കൂടാതെ ചെറിയനാട് ഗ്രാമപഞ്ചായത്ത് കേന്ദ്രമാക്കി പ്രവർത്തിക്കുന്ന കീർത്തി ടെയ്‌ലറിംഗ് ഗ്രൂപ്പിന് 1,13,060/- രൂപയും നൽകിയിട്ടുണ്ട്.

ഗ്രൂപ്പുകളുടെ പ്രവർത്തനം സംബന്ധിച്ച രേഖകൾ (ലോൺ ബുക്ക് ബാങ്ക് അക്കൗണ്ട്, കാഷ് ബുക്ക്, മിനിട്ട്സ് ബുക്ക് എന്നിവ) പരിശോധിച്ചതിൽ ഗ്രൂപ്പുകൾ മികച്ച രീതിയിൽ പ്രവർത്തിക്കുന്നതായി ബോദ്ധ്യപ്പെട്ടു. രണ്ട് ഗ്രൂപ്പുകളും പ്രാദേശികമായ വിപണികൾ കണ്ടെത്തി യൂണിറ്റുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തി നല്ല രീതിയിൽ വരുമാനം വർദ്ധിപ്പിക്കുകയും തുടർ പ്രവർത്തനങ്ങൾ നടത്തിവരുന്നതായും ശ്രദ്ധയിൽപ്പെട്ടു. യൂണിറ്റുകൾ കൂടുതൽ പ്രവർത്തന പുരോഗതി കൈവരിക്കേണ്ടതും സ്ത്രീ ശാക്തീകരണം എന്ന മഹത്തായ ലക്ഷ്യം അന്വർത്ഥമാക്കേണ്ടതുമാണ്.

## 1-12 മൈനർ ഇറിഗേഷൻ ഡിപ്പാർട്ട്മെന്റിൽ നിക്ഷേപിച്ച 33,75,000/- രൂപ നിക്ഷേപമായി തുടരുന്നു

വിവിധ പാടശേഖരങ്ങളിലേക്ക് ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി" എന്ന പ്രോജക്ട് (നം.80/18) പ്രകാരം പുലിയൂർ, പാണ്ടനാട് ചെറിയനാട് എന്നീ പഞ്ചായത്തുകളിലുൾപ്പെട്ട പ്രദേശങ്ങളിലെ കൃഷി സൌകര്യം മെച്ചപ്പെടുത്തുന്നതിന് നീർച്ചാൽ നിർമ്മാണത്തിനും, രണ്ട് പമ്പ് ഹൗസിന്റെ നിർമ്മാണത്തിനും മറ്റ് അനുബന്ധ ചെലവുകൾക്കുമായാണ് 2017-18 വർഷം 33,75,000/-രൂപ എക്സിക്യൂട്ടീവ് എഞ്ചിനീയർ, ചെറുകിട ജലസേചന വിഭാഗം, ചെങ്ങന്നൂർ - ന്റെ പേരിൽ നിക്ഷേപിച്ചിട്ടുള്ളത്. (ബിൽ നം. 7/30.11.17 - 33,40,000/-, ചെക്ക് നം.4622000/24.11.17 – 35,000/-). എസ്റ്റിമേറ്റ് അനുസരിച്ചും ചെറുകിട ജലസേചന വകുപ്പ് സൂപ്രണ്ടിംഗ് എഞ്ചിനീയറുമായി കരാറിൽ ഏർപ്പെട്ടതിനുശേഷമാണ് തുക കൈമാറിയിട്ടുള്ളത്. എന്നാൽ എഗ്രിമെന്റിൽ വർക്കിന്റെ നിർവ്വഹണ കാലയളവ് വ്യക്തമാക്കിയിട്ടില്ല (ഓഡിറ്റ് റിപ്പോർട്ട് 2017-18 ഖണ്ഡിക 3-1). പ്രവൃത്തി പൂർത്തീകരിച്ച് വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടുണ്ടോ? പൂർത്തീകരിച്ചിട്ടില്ലായെങ്കിൽ വർക്കിന്റെ നിലവിലെ അവസ്ഥ എന്നിവ പരിശോധിച്ച് റിപ്പോർട്ട് ചെയ്യുവാൻ ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (2/5.4.2022) നൽകിയതിന് ലഭ്യമാക്കിയ മറുപടിയിൽ സിവിൽ വർക്കുകൾ മാത്രമേ ആരംഭിച്ചിട്ടുള്ളൂവെന്ന് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ അറിയിച്ചിട്ടുണ്ട്. കൂടാതെ, ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതിയുടെ 04-05-2019 ലെ 3(3)-ാം നം.തീരുമാനത്തിൽ (ചെറിയനാട് പഞ്ചായത്തിലെ ടി വർക്കിന്റെ സ്ഥലലഭ്യതയുമായി ബന്ധപ്പെട്ട്) ഈ വിഷയം ചർച്ച ചെയ്തിട്ടുള്ളതിൽനിന്നും വർക്ക് ആരംഭിച്ചിട്ടില്ലായെന്ന് വ്യക്തമാകുന്നു. നിലവിലും 33.75 ലക്ഷം രൂപ മൈനർ ഇറിഗേഷൻ വകുപ്പിൽ നിക്ഷേപമായി തുടരുന്നു. പദ്ധതി ചെലവുകൾ ഉയർത്തിക്കാണിക്കുന്നതിൽ മാത്രമായി പദ്ധതികൾ ചുരുങ്ങരുത്. പ്രവൃത്തിക്കാവശ്യമായ മുഴുവൻ തുകയും മുൻകൂറായി നിക്ഷേപിച്ച് വർഷങ്ങൾ കഴിഞ്ഞിട്ടും വർക്ക് ആരംഭിച്ചിട്ടില്ലായെന്നതും, ബ്ലോക്ക് പഞ്ചായത്ത് നാളിതുവരെയും ഈ വിഷയം സംബന്ധിച്ച് തുടർനടപടികൾ സ്വീകരിക്കാതിരുന്നതും ബന്ധപ്പെട്ടവരുടെ ഭാഗത്തെ അനാസ്ഥയായി ഓഡിറ്റ് വിലയിരുത്തുന്നു. പ്രവൃത്തി നിർവ്വഹണത്തിലുണ്ടാകുന്ന അനിയന്ത്രിതമായ കാലതാമസം ബ്ലോക്ക് പഞ്ചായത്തിന് അധികസാമ്പത്തിക ബാധ്യത വരുത്തുന്നതിന് കാരണമാകും. വർക്ക് നടപ്പാക്കാത്ത പക്ഷം തുക തിരികെ ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. മേൽ വിഷയത്തിൽ അടിയന്തിരമായി തുടർ നടപടികൾ സ്വീകരിക്കുന്നതിലേക്ക് ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-13 കായലോടി പുഞ്ച ലിഫ്റ്റ് ഇറിഗേഷൻ-പൂർത്തീകരിച്ചിട്ടില്ല

കായലോടി പുഞ്ച ലിഫ്റ്റ് ഇറിഗേഷൻ

ബിൽ നം. 14 തീയതി 20-04-2020 തുക 2,05,000/- രൂപ

കായലോടി പുഞ്ച ലിഫ്റ്റ് ഇറിഗേഷൻ -വൈദ്യുത ലൈൻ എക്സ്റ്റൻഷൻ എന്ന പദ്ധതിക്കായി 2,05,000/- രൂപ പിൻവലിച്ച് അസിസ്റ്റന്റ് എഞ്ചിനീയർ കെ.എസ്.ഇ.ബി സെക്ഷൻ, കൊല്ലകടവ് ബ്രാഞ്ചിൽ നിക്ഷേപിച്ചിട്ടുണ്ട് (അക്കൌണ്ട് നം.57052386387). എന്നാൽ പ്രോജക്ട് ഫയലിനൊപ്പമുള്ള 25-02-2020 ലെ കെ.എസ്.ഇ.ബി യുടെ ഡിമാന്റ് നോട്ട് പ്രകാരം റോഡ് വീതി കൂട്ടുന്നതുമായി ബന്ധപ്പെട്ട് 100 KVA ട്രാൻസ്ഫോമർ ഷിഫ്റ്റ് ചെയ്യുന്നതിനായിട്ടാണ് തുക അടക്കേണ്ടതെന്നും ഫയലിനൊപ്പമുള്ള ഇതിനായുള്ള എസ്റ്റിമേറ്റ് 73215/- രൂപയുടേതെന്നും കാണുന്നു. 22-07-2021 ലെ അസിസ്റ്റന്റ് എഞ്ചിനീയറുടെ 23/DB/AE/2021-22 നം. കത്തിൽ, നിക്ഷേപിച്ച 2,05,000/- രൂപയുടെ വർക്കായ ട്രാൻസ്ഫോമർ ഷിഫ്റ്റിംഗ് പരിസരവാസികളുടെ എതിർപ്പ് കാരണം നടന്നിട്ടില്ലായെന്നും തുടർ നടപടികൾ സ്വീകരിക്കേണ്ടതാണെന്നും അറിയിച്ചിട്ടുണ്ട്. എസ്റ്റിമേറ്റിലധികരിച്ച് തുക നിക്ഷേപിച്ചതിന് കാരണം, പ്രോജക്റ്റിൽ വന്ന വ്യതിയാനം, പ്രവൃത്തി പൂർത്തീകരിക്കുന്നതിനായി സ്വീകരിച്ച തുടർനടപടികൾ എന്നിവ സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.12 തീയതി 13.4.2022) ലഭ്യമാക്കിയ മറുപടിയിൽ നിക്ഷേപിച്ച 2,05,000/- രൂപയുടെ വർക്കിൽ ഉൾപ്പെട്ട ട്രാൻസ്ഫോമർ ഷിഫ്റ്റിംഗ് പരിസരവാസികളുടെ എതിർപ്പ് കാരണം നടന്നിട്ടില്ലായെന്നും ടി ട്രാൻസ്ഫോർമർ മാറ്റി സ്ഥാപിക്കുക എന്നതാണ് വൈദ്യുതി ലൈൻ വലിക്കുന്നതിന് മുന്നോടിയായി നടപ്പാക്കേണ്ടതെന്നും പുതിയ സ്ഥലം കണ്ടെത്തി നല്കുന്നതിന് ഭരണസമിതി പരിശ്രമിച്ചു വരികയാണെന്നുമാണ് മറുപടി നൽകിയിട്ടുള്ളത്. ട്രാൻസ്ഫോമർ മാറ്റി സ്ഥാപിക്കുക എന്നത് ഈ പ്രവൃത്തിയുടെ ഒരു ഭാഗം മാത്രമാണെന്നും ഷിഫ്റ്റിംഗ് ചാർജ്ജിന് മാത്രമായി 73216/- രൂപ ആവശ്യമുള്ളതാണ് കത്തിൽ ആദ്യം അറിയിച്ചിട്ടുള്ളതെന്നും ബാക്കി മെറ്റീരിയൽ കോസ്റ്റ്, ലൈൻ എക്സ്റ്റൻഷൻ ചാർജ്ജ്, ജി.എസ്.റ്റി എല്ലാം ഉൾപ്പെടെ 205000/- രൂപയ്ക്കാണ് കെ.എസ്.ഇ. ബി. ചെങ്ങന്നൂർ ഇലക്ട്രിക്കൽ ഡിവിഷൻ എക്സിക്യൂട്ടീവ് എൻജിനീയർ 22.02.2020 ലെ എ.എസ്/5104/19-20/143 നം. നടപടിക്രമം പ്രകാരം അംഗീകാരം നല്കിയിട്ടുള്ളതെന്നും ബാക്കി തുകയുടെ എസ്റ്റിമേറ്റ് കെ.എസ്.ഇ.ബി നല്കിയിട്ടില്ലായെങ്കിലും ടി തുക ഉൾപ്പെടെ നിക്ഷേപിക്കാൻ ആണ് അവശ്യപ്പെട്ടിട്ടുള്ളതെന്നും അറിയിച്ചിട്ടുണ്ട്. പ്രവൃത്തിയുടെ തടസ്സം പരിഹരിച്ച് പ്രവൃത്തി പൂർത്തീകരിച്ച് ഓഡിറ്റിനെ അറിയിക്കുന്നതാണെന്നും മറുപടിയിൽ വ്യക്തമാക്കിയിട്ടുണ്ട്.

വിശദമായ എസ്റ്റിമേറ്റ് കൂടാതെയും സാങ്കേതിക തടസ്സങ്ങൾ പരിഹരിക്കാതെയും, സ്ഥലലഭ്യത ഉറപ്പ് വരുത്താതെയും ഡെപ്പോസിറ്റ് വർക്കുകൾക്കായി തുക നിക്ഷേപിക്കുന്നത് ശരിയായ നടപടിയല്ല. പുതിയ സ്ഥലം കണ്ടെത്തി വർക്ക്

പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ എത്രയും വേഗം സ്വീകരിക്കേണ്ടതാണ്. ഭരണ സമിതിയുടെ പ്രത്യേക ശ്രദ്ധ ഈവിഷയത്തിലുണ്ടാകേണ്ടതാണ്.

## 1-14 ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി-ലൈൻ എക്സ്റ്റൻഷൻ

പ്രോജക്ട് നം.56/21

ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾക്ക് ലൈൻ എക്സ്റ്റൻഷൻ

ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾക്ക് ലൈൻ എക്സ്റ്റൻഷൻ എന്ന പദ്ധതിപ്രകാരം 3,33,468/- രൂപ രണ്ട് ഗഡുക്കളായി പിൻവലിച്ച് അസിസ്റ്റന്റ് എഞ്ചിനീയർ കെ.എസ്.ഇ.ബി സെക്ഷൻ, മാവേലിക്കര ബ്രാഞ്ചിൽ നിക്ഷേപിച്ചിട്ടുണ്ട്. (അക്കൌണ്ട് നം.67040374040). ഓഫീസ് നോട്ടിൽ ചെറിയനാട് പഞ്ചായത്തിലെ കാർഷിക ആവശ്യങ്ങൾക്കുള്ള ലിഫ്റ്റ് ഇറിഗേഷന് വൈദ്യുതി ലൈൻ വലിക്കുന്നതിനാണ് തുക ചെലവഴിക്കുന്നതെന്ന് വ്യക്തമാക്കിയിട്ടുണ്ട്. പ്രോജക്ട് ഫയലിനൊപ്പമുള്ള 22-09-2020 ലെ അസിസ്റ്റന്റ് എഞ്ചിനീയർ മാവേലിക്കരയുടെ ജി/ബി/ബ്ലോക്ക് പഞ്ചായത്ത്/2020-21 നം.കത്ത് പ്രകാരം 3,33,468/-രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി നൽകിയിട്ടുണ്ട്. പ്രവൃത്തിയുടെ പൂർത്തീകരണ വിവരങ്ങൾ, ഇതിനായി ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ, യൂട്ടിലൈസേഷൻ എന്നിവ ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള (നം.17/13.4.2022 ന്റെ) മറുപടിയിൽ വൈദ്യുതലൈൻ എക്സ്റ്റൻഷൻ പ്രോജക്ട് പ്രകാരം കെ.എസ്.ഇ.ബി, മാവേലിക്കരയിൽ 333468/- രൂപ നിക്ഷേപിച്ചിട്ടുണ്ടെന്നും ടി പ്രവൃത്തി പൂർത്തിയായിട്ടില്ലായെന്നും പുരോഗതി അറിയിക്കുന്നതിന് കെ.എസ്. ഇ. ബി.ക്ക് കത്ത് നല്കിയിട്ടുണ്ടെന്നും, പുരോഗതിയും പൂർത്തീകരണ വിവരങ്ങളും ഓഡിറ്റിനെ അറിയിക്കുന്ന താണെന്നും വ്യക്തമാക്കിയിട്ടുണ്ട്. പൂർത്തീകരണ വിവരങ്ങൾ, വിനിയോഗ സാക്ഷ്യപത്രം എന്നിവ ലഭ്യമാക്കുന്നതുവരെ ചെലവ് തുക 3,33,468/- രൂപ താൽക്കാലികമായി തടസ്സത്തിൽവെയ്ക്കുന്നു.

## 1-15 പട്ടിക ജാതി കോളനികളിൽ സൗര വൈദ്യുതവിളക്കുകൾ സ്ഥാപിക്കുന്നതിന് അനർട്ടിൽ തുക നിക്ഷേപിച്ചത്- പൂർണ്ണമായി ചെലവഴിക്കാതെ നിക്ഷേപമായി തുടരുന്നു

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി പട്ടികജാതി കോളനികളിൽ സൗര വൈദ്യുത പ്രോജക്ട് (നം.S0049/20) പ്രകാരം 40 സൗര വൈദ്യുത വിളക്കുകൾ സ്ഥാപിക്കുന്നതിന് 3146000/- രൂപ (ബിൽ നം.4/20.4.2020-471900, 5/20.4.20-471900, 9/20.4.2020, 393250, 6/20.42020-471900, 7/20.4.2020- 471900, 8/20.4.2020-471900, 471900, 10/20.4.20- 393250,) അനർട്ടിൽ നിക്ഷേപിച്ചിരുന്നു. 40 സൗര വൈദ്യുത വിളക്കുകളും സ്ഥാപിച്ചതായുള്ള അനർട്ടിന്റെ സാക്ഷ്യപത്രം ഫയലിൽ സൂക്ഷിച്ചിട്ടുണ്ടെങ്കിലും തുകയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല. വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.22/19.4.2022) ലഭ്യമാക്കിയ മറുപടിയിൽ 1254880/-രൂപ ചെലവഴിക്കാതെ നിക്ഷേപമായി തുടരുന്നതായി അനർട്ട് അറിയിച്ചിട്ടുള്ള കത്തിന്റെ പകർപ്പ് ലഭ്യമാക്കിയിരുന്നു. ഇപ്രകാരം അവശേഷിക്കുന്ന തുക തുടർന്നുള്ള വർഷങ്ങളിലെ മറ്റേതെങ്കിലും പ്രോജക്ടിൽ ക്രമീകരിക്കുന്നതാണെന്ന് അനർട്ട് മറുപടി നൽകിയിട്ടുണ്ട്. കൃത്യമായ എസ്റ്റിമേറ്റിന്റെയോ പദ്ധതിയെക്കുറിച്ചുള്ള മുൻ ധാരണകളോ ഇല്ലാതെ തുക ചെലവഴിച്ചത് പദ്ധതി ആസൂത്രണത്തിലെ പിഴവാണ്. ജനക്ഷേമകരമായ മറ്റ് പ്രവർത്തനങ്ങൾക്കായി ചെലവഴിക്കേണ്ടിയിരുന്ന പദ്ധതി തുകയാണ് ഇപ്രകാരം നിക്ഷേപമായി തുടരാൻ ഇടയായത്. തുടർന്നുള്ള വർഷങ്ങളിൽ അനർട്ടുമായി ബന്ധപ്പെട്ട് മറ്റ് സൗരോർജ്ജ പ്രോജക്ടുകൾ ആവിഷ്കരിച്ചിട്ടില്ലാത്തതിനാൽ നിക്ഷേപമായ ഈ തുക തിരികെ ലഭിക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്. അത് വരെ തിരികെ ലഭിക്കാനുള്ള തുക തടസ്സപ്പെടുത്തുന്നു.

## 1-16 ബ്ലോക്ക് പഞ്ചായത്തിന് ക്യാമറ- കമ്മറ്റി തീരുമാനം നടപ്പാക്കിയില്ല

ബ്ലോക്ക് പഞ്ചായത്തിന് ഫർണ്ണിച്ചറും അനുബന്ധ സൗകര്യങ്ങളും

പ്രോജക്ട് നം.S0107/21
നിർവ്വഹണ ഉദ്യോഗസ്ഥൻ :സെക്രട്ടറി

ചെലവ് വിവരങ്ങൾ : 32300/-(ബിൽ നം. 61/7.10.20)

ബ്ലോക്ക് പഞ്ചായത്തിന് ഫർണ്ണിച്ചറും അനുബന്ധ സൗകര്യങ്ങളും ഒരുക്കുന്നതിന്റെ ഭാഗമായി 7.7.2020 ലെ 6(2) കമ്മറ്റി തീരുമാന പ്രകാരം ക്യാമറ സ്ഥാപിക്കുന്നതിന് തീരുമാനിച്ചു. ബ്ലോക്ക് പഞ്ചായത്ത് പരിസരത്തും ആർ ആർ എഫ്

കെട്ടിടത്തിലും രാത്രി കാലങ്ങളിൽ ആളുകൾ കടക്കുന്നതായും ആഫീസ് പരിസരത്ത് സൂക്ഷിച്ചിട്ടുള്ള യന്ത്രങ്ങളുടെയും കരാറുകാരുടെ ഉപകരണങ്ങളുടെയും സുരക്ഷ ഉറപ്പാക്കുന്നതിനായാണ് ക്യാമറ സ്ഥാപിക്കുന്നതെന്നാണ് മിനിട്സിൽ രേഖപ്പെടുത്തിയിട്ടുള്ളത്. ഇതനുസരിച്ച് 32300/- രൂപയ്ക്ക് പേഴ്സണൽ കമ്പ്യൂട്ടർ എന്ന സ്ഥാപനത്തിൽ നിന്ന് ക്യാമറകൾ വാങ്ങി. എന്നാൽ ടി ക്യാമറകൾ മേൽ സൂചിപ്പിച്ച സ്ഥലങ്ങളിൽ സ്ഥാപിച്ചതായി കാണുന്നില്ല. ഇതിന്മേൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.21/19.4.2022) ലഭ്യമാക്കിയ മറുപടിയിൽ ബ്ലോക്ക് പഞ്ചായത്ത് പരിസരത്ത് പ്രത്യേകിച്ച്, ആർ.ആർ.എഫ് കേന്ദ്രം പ്രവർത്തിക്കുന്ന കെട്ടിടത്തിനും പരിസരത്തും ആണ് ക്യാമറ സ്ഥാപിക്കാൻ തീരുമാനിച്ചിരുന്നതെങ്കിലും 2020-21 ൽ പ്രോജക്ടിൽ മതിയായ തുക ക്യാമറകൾ വാങ്ങുന്നതിന് ലഭ്യമല്ലായിരുന്നതിനാൽ മുഴുവൻ ക്യാമറകളും വാങ്ങാൻ കഴിഞ്ഞിട്ടില്ലെന്നും 2021-22 വർഷം ബാക്കി ക്യാമറകൾ വാങ്ങാൻ പ്രോജക്ട് ഏറ്റെടുത്തെങ്കിലും ടി കാലയളവിൽ ടി കെട്ടിടത്തിലും പരിസരത്തും ടി കെട്ടിടത്തിന് അനുബന്ധ സൌകര്യം ഒരുക്കുന്നതിനുള്ള നിർമ്മാണ പ്രവർത്തനം നടന്നുവന്നതിനാൽ ടി വാങ്ങൽ നടത്തി സ്ഥാപിക്കാൻ കഴിയുമായിരുന്നില്ലെന്നും നിർമ്മാണം പൂർത്തിയാകുന്ന മുറയ്ക്ക് തന്നെ ക്യാമറകൾ വാങ്ങി സ്ഥാപിക്കുന്നതാണെന്നും മറുപടി നൽകി. എന്നാൽ വാങ്ങിയ ക്യാമറകൾ സ്ഥാപിച്ചതെവിടെയെന്ന് വ്യക്തതയില്ലാത്തതിനാലും കമ്മറ്റിയുടെ തീരുമാനത്തിന് വിധേയമായി അനുയോജ്യമായ സ്ഥലത്ത് സ്ഥാപിച്ചിട്ടില്ലാത്തതിനാലും ചെലവ് തുക 32300/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-17 ഓട്ടിസം സെന്ററിന് ഉപകരണങ്ങൾ - വാങ്ങൽ നടപടിയിലെ അപാകതകൾ

പ്രോജക്ട് നം . 64/21

പ്രോജക്ടിന്റെ പേര് -ഓട്ടിസം സെന്ററിന് ഉപകരണങ്ങൾ

മേൽ പ്രോജക്ട് പ്രകാരം ബുധനൂർ ഗവ. ഹയർ സെക്കൻഡറി സ്കൂളിന്റെ കോമ്പൗണ്ടിൽ പ്രവർത്തിക്കുന്ന ഓട്ടിസം സെന്ററിന് ഉപകരണങ്ങൾ വാങ്ങി നൽകിയിട്ടുണ്ട്. കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ എന്റർപ്രൈസസ് ലിമിറ്റഡ് എന്ന സ്ഥാപനത്തിന്റെ ഇൻവോയിസ് നം. CHNBC0000076/27-10-2020 പ്രകാരം കുട്ടികളുടെ മാനസിക/ ബൗദ്ധിക വികാസത്തിന് ഉതകുന്ന 250000/- രൂപ വിലവരുന്ന 27 ഇനം സാധനങ്ങൾ വാങ്ങിയിട്ടുണ്ട്. ഇതിന്റെ ചെലവിലേക്കായി ട്രഷറി ബിൽ നം. 01/20-21/16-01-21 പ്രകാരം 250000/- രൂപ പിൻവലിച്ചിട്ടുണ്ട്. വാങ്ങൽ നടപടിക്രമങ്ങളിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1. ടെണ്ടർ/ക്വട്ടേഷൻ നടപടി കൂടാതെ നേരിട്ട് വാങ്ങൽ നടത്തിയിരിക്കുന്നു.

2.കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ എന്റർപ്രൈസസ് ലിമിറ്റഡ് എന്ന സ്ഥാപനത്തിൽ നിന്നാണ് സാധനങ്ങൾ വാങ്ങിയിരിക്കുന്നത്. എന്നാൽ സാധനങ്ങൾ ഈ സ്ഥാപനം ഉല്പാദിപ്പിച്ചവയാണോയെന്ന് ഉറപ്പാക്കിയിട്ടില്ല.

3. സ്റ്റോക്ക് രജിസ്റ്റർ പരിശോധിച്ചതിൽ സാധനങ്ങൾ ഓട്ടിസം സെന്ററിന്റെ നടത്തിപ്പുകാർ കൈപ്പറ്റിയതായി കാണുന്നില്ല.

4. ട്രഷറി ബിൽ കോപ്പിയിൽ തുക നൽകിയിരിക്കുന്നത് വിഷ്ണു വിനയൻ എന്നയാൾക്കാണ്. കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ എന്റർപ്രൈസസ് ലിമിറ്റഡ് എന്ന സ്ഥാപനം തുക കൈപ്പറ്റിയതായി കാണുന്നില്ല.

മേൽ അപാകതകൾ സൂചിപ്പിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.04/2021/07-04-2022 ന് മറുപടി നൽകിയിട്ടില്ല. അപാകതകളുടെ അടിസ്ഥാനത്തിൽ ചെലവ് തുക 250000/- രൂപ തടസ്സത്തിൽ വയ്ക്കുന്നു.

## 1-18 കാലിത്തീറ്റ വാങ്ങൽ സബ്സിഡി - രേഖകൾ പൂർണമല്ലാത്തത് സംബന്ധിച്ച്

കാലിത്തീറ്റക്ക് സബ്സിഡി നൽകുന്നതിനായി നടപ്പാക്കിയ പ്രോജക്ടുകൾ പരിശോധിച്ചതിൽ സബ്സിഡി തുക ഗുണഭോക്താവിന്റെ അക്കൗണ്ടിലേക്കാണ് നൽകിയിരിക്കുന്നത്. എന്നാൽ ഗുണഭോക്താവ് ക്ഷീരസംഘത്തിൽ നിന്നും കാലിത്തീറ്റ വാങ്ങിയതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നം., പേര് | ട്രഷറി ബിൽ നം. | തുക | ആകെ തുക |
|---|---|---|---|
| 80/21, വനിത ക്ഷീരകർഷകർക്ക് കാലിത്തീറ്റ വാങ്ങുന്നതിന് സബ്സിഡി | 07/20-21/<br>17-04-2020 | 121000/-രൂപ | 329000/- |
| | 09/20-21/<br>17-04-2020 | 71000/- രൂപ | |

| | | | |
|---|---|---|---|
| | 10/20-21/ 17-04-2020 | 71000/- രൂപ | |
| | 08/20-21/ 17-04-2020 | 66000/- രൂപ | |
| 82/21, കാലിത്തീറ്റ വാങ്ങുന്നതിന് സബ്സിഡി | 02/20-21/ 17-04-2020 | 62000/-രൂപ | 396500/- |
| | 03/20-21/ 17-04-2020 | 55000/-രൂപ | |
| | 04/20-21/ 17-04-2020 | 69000/-രൂപ | |
| | 05/20-21/ 17-04-2020 | 147500/-രൂപ | |
| | 06/20-21/ 17-04-2020 | 63000/- രൂപ | |

ഗുണഭോക്താവ് കാലിത്തീറ്റ വാങ്ങിയതിന്റെ ക്ഷീരസംഘത്തിൽ നിന്നുള്ള കാലിത്തീറ്റ രസീത്, സംഘത്തിൽ നിന്നുള്ള വിതരണ ലിസ്റ്റ് എന്നിവ പരിശോധനക്ക് ലഭ്യമാക്കാനാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നം. 13/20-21/ 18-04-2022 നൽകിയതിന്റെ അടിസ്ഥാനത്തിൽ നിർവഹണ ഉദ്യോഗസ്ഥ സമർപ്പിച്ച രേഖകൾ അപൂർണവും ക്രമരഹിതമായി ഫയൽ ചെയ്തിട്ടുള്ളവയും ആയിരുന്നു. ഓരോ ട്രഷറി ബിൽ പ്രകാരവും ഗുണഭോക്താക്കൾക്ക് വിതരണം ചെയ്ത തുകകൾക്കനുസൃതമായി ഗുണഭോക്താവ് ക്ഷീര സംഘത്തിൽ നിന്ന് കാലിത്തീറ്റ വാങ്ങിയതിന്റെ കാലിത്തീറ്റ രസീത്, സംഘത്തിൽ നിന്നുള്ള വിതരണ ലിസ്റ്റ് എന്നിവ ക്രമത്തിൽ ഫയൽ ചെയ്ത് പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്. ചെലവ് തുക 725500/-രൂപ താൽക്കാലികമായി തടസ്സത്തിൽ വയ്ക്കുന്നു. ചെലവ് രേഖകൾ കൃത്യമാക്കിയും പൂർണ്ണമാക്കിയും പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

## 1-19 ജനകീയ ഹോട്ടലുകൾക്ക് ബ്ലോക്ക് വിഹിതം- വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല

വിശപ്പ് രഹിത പദ്ധതിയുടെ ഭാഗമായി പ്രോജക്ട് നം.S0020/21 പ്രകാരം തിരുവൻവണ്ടൂർ ഗ്രാമപഞ്ചായത്തിലെ ശ്രീകൃഷ്ണ കാറ്ററിംഗ് യൂണിറ്റിനും പുലിയൂർ ഗ്രാമപഞ്ചായത്തിലെ ഉപ്പും മുളകും ജനകീയ ഹോട്ടലിനും 20000/- രൂപ വീതം നൽകിയിട്ടുണ്ട്. ടി തുകകൾ ജനകീയ ഹോട്ടലുകൾക്കായി ചെലവഴിച്ചതായി ഗ്രാമപഞ്ചായത്തുകളിൽ നിന്നുള്ള സാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യാക്കിയില്ല. വിനിയോഗ സാക്ഷ്യപത്രം, ഹോട്ടലുകളുടെ നിലവിലെ അവസ്ഥയെപ്പറ്റിയുള്ള വിവരം എന്നിവ ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (16/18.4.2022) മറുപടി ലഭ്യമാക്കിയില്ല. അതിനാൽ ചെലവ് തുക 40000/- രൂപ (ബിൽ നം.69/30.3.2021) ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-20 ഭിന്നശേഷി വിഭാഗം കുട്ടികൾക്ക് സ്കോളർഷിപ്പ് വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയില്ല

പ്രോജക്ട് നം. 141/21

ഭിന്നശേഷി വിഭാഗം കുട്ടികൾക്ക് സ്കോളർഷിപ്പ്

ഭിന്നശേഷി വിഭാഗം കുട്ടികൾക്ക് സ്കോളർഷിപ്പ് നൽകുന്നതിനായുള്ള പ്രോജക്ടിൽ ട്രഷറി ബിൽ നം. 02/20-21/ 30-03-21 പ്രകാരം 100000/- രൂപ പിൻവലിച്ച് ബുധനൂർ ഗ്രാമപഞ്ചായത്തിന് നൽകിയിട്ടുണ്ട്. തുകയുടെ വിനിയോഗം സംബന്ധിച്ച വിനിയോഗ സാക്ഷ്യപത്രം (ഏത് പ്രോജക്ടിന് വേണ്ടി, എത്ര ഗുണഭോക്താക്കൾക്ക് നൽകി എന്നീ വിവരങ്ങൾ ഉൾപ്പെടുത്തിയ) ബന്ധപ്പെട്ട പഞ്ചായത്തിലെ നിർവഹണോദ്യോഗസ്ഥനിൽ നിന്നും ലഭ്യമാക്കുവാനാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (16/17.4.2022) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. വിനിയോഗ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ ചെലവ് തുക 100000/-രൂപ താൽക്കാലികമായി തടസ്സത്തിൽ വയ്ക്കുന്നു.

## 1-21 സ്കൂളുകൾക്ക് ഷീ പാഡ് പദ്ധതി- ഒരേ ആവശ്യത്തിന് വ്യത്യസ്ത പ്രോജക്ടുകൾ

പ്രോജക്ടിന്റെ പേര്: സ്കൂളുകൾക്ക് ഷീ പാഡ് പദ്ധതി

പ്രോജക്ട് നം.S097/21

നിർവ്വഹണ ഉദ്യോഗസ്ഥൻ : സെക്രട്ടറി
ചെലവ് വിവരങ്ങൾ : 931313
(ബിൽ നം.15/20.4.20 തുക 463285/-, 16/20.4.20 തുക 468025/-)

പ്രോജക്ടിന്റെ പേര്: പട്ടികജാതി വിദ്യാർത്ഥിനികൾക്ക് ഷീ പാഡ് പദ്ധതി

പ്രോജക്ട് നം.S098/21

ചെലവ് വിവരങ്ങൾ : 363824/-
(ബിൽ നം.3/20.4.20 തുക 363824/-)

മേൽ പ്രോജക്ടുകൾ പ്രകാരം ബ്ലോക്ക് പഞ്ചായത്തിന്റ നിയന്ത്രണത്തിലുള്ള 8 ഹയർ സെക്കന്ററി സ്കൂളുകളിലെ കുട്ടികൾക്ക് നാപ്കിൻ വെന്റിംഗ് മെഷീൻ, ഇൻസിനേറ്റർ, അലമാര തുടങ്ങിയ ഉപകരണങ്ങൾ സ്ഥാപിക്കുന്നതിന് വനിതാ വികസന കോർപ്പറേഷനുമായി കരാറിൽ ഏർപ്പെടുകയും തുക നിക്ഷേപിക്കുകയും ചെയ്തിരുന്നു. ഇതിൻ പ്രകാരം ഉപകരണങ്ങൾ സ്ഥാപിച്ചതായി വനിതാ വികസന കോർപ്പറേഷൻ നൽകിയ റിപ്പോർട്ട് ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്. പ്രസ്തുത പ്രോജക്ടുകൾ നടപ്പാക്കിയതിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1) ഒരേ ആവശ്യത്തിനായാണ് രണ്ട് വ്യത്യസ്ത പ്രോജക്ടുകൾ നടപ്പാക്കിയത്.

2) ബ്ലോക്ക് പഞ്ചായത്ത് പരിധിയിലെ ഗ്രാമപഞ്ചായത്തുകളിൽ ഉൾപ്പെട്ട 8 ഹയർസെക്കന്ററി സ്കൂളുകളിലാണ് ഉപകരണങ്ങൾ സ്ഥാപിച്ചിട്ടുള്ളത്. ഹൈസ്കൂൾ, ഹയർ സെക്കന്ററി തലത്തിലെ സ്കൂളുകളുടെ നിയന്ത്രണ ചുമതല ജില്ലാ പഞ്ചായത്തിനാണെന്നിരിക്കെ മേൽ പ്രോജക്ടുകൾ ബ്ലോക്ക് പഞ്ചായത്ത് നടപ്പാക്കിയത് ക്രമ വിരുദ്ധമായ നടപടിയാണ്. അപാകതകളിന്മേൽ വിശദീകരണം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (20/19.4.2022) പട്ടികജാതി കുട്ടികളുടെ കണക്ക് ശേഖരിച്ച് ടി ഫണ്ട് വിനിയോഗിച്ച് ടി വിഭാഗം കുട്ടികൾക്ക് പ്രയോജനം കിട്ടത്തക്ക രീതിയിലാണ് രണ്ടാമത് പ്രോജക്ട് ഏറ്റെടുത്തതെന്നും ഒരു പ്രോജക്ട് നടപ്പാക്കുമ്പോൾ ഒരു സ്ഥാപനത്തിലെ എല്ലാ അർഹരായവർക്കും പ്രയോജനം കിട്ടണമെന്നും എല്ലാ പഞ്ചായത്തിലെയും ഒരു സ്കൂളിനെങ്കിലും പൂർണ്ണമായും പ്രയോജനം ലഭിക്കണമെന്നും ഉദ്ദേശിച്ചിരുന്നു എന്നും അതാത് മേഖലകളിൽ തന്നെ പ്രയോജനം ലഭിച്ചിട്ടുണ്ട് എന്ന് ഉറപ്പാക്കിയിട്ടുണ്ട് എന്നും അറിയിച്ചു. സ്കൂളുകൾക്ക് സഹായം നല്കുകയോ ഭൌതിക സൌകര്യം ഒരുക്കുക എന്നതോ ആയിരുന്നില്ല പ്രോജക്ടിന്റെ ലക്ഷ്യം എന്നും മറിച്ച് പെൺകുട്ടികളുടെ വ്യക്തിഗത ശുചിത്വം ഉറപ്പുവരുത്തുന്നതിനും അവർക്ക് മാനസിക പിന്തുണ നല്കുന്നതിനും സഹായകരമായ പദ്ധതി എന്ന നിലയ്ക്കാണ് നടപ്പാക്കിയതെന്നും അറിയിച്ചു.

എന്നാൽ ഒരേ ആവശ്യത്തിനായി രണ്ട് വ്യത്യസ്ത പ്രോജക്ടുകൾ ആവിഷ്കരിക്കുന്നത് പദ്ധതി ആസൂത്രണത്തിലെ പിഴവായി ഓഡിറ്റ് വിലയിരുത്തുന്നു. ബ്ലോക്ക് പഞ്ചായത്തിലെ ചുമതലയിൽ പെടാത്ത ഇനത്തിന് തുക ചെലവഴിക്കാൻ പാടില്ല. കൃത്യമായ ആസൂത്രണത്തോടെ മാത്രം പ്രോജക്ടുകൾ ആവിഷ്കരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-22 ഭൂരഹിതർക്ക് ഭൂമി വാങ്ങൽ സംബന്ധിച്ച്

സെക്രട്ടറി നടപ്പാക്കിയ ഭൂരഹിതർക്ക് ഭൂമി വാങ്ങൽ പ്രോജക്ട് പ്രകാരം താഴെ ചേർത്തിട്ടുള്ള ഗുണഭോക്താക്കൾക്ക് 225000/- രൂപ വീതം നൽകിയിട്ടുണ്ട്.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര്, മേൽ വിലാസം | റിമാർക്സ് |
|---|---|---|
| 1. | ഉമേഷ് സി യു, ചേക്കാട്ടിൽ കിഴക്കതിൽ, തിരുവൻവണ്ടൂർ | |
| 2 | വിശ്വംഭരൻ P D, പടാരത്തിൽ, വടക്കതിൽ വീട് | |
| 3 | സുഭാഷ് എ.കെ, അമ്മേത്ത് പള്ളത്ത് | |
| 4 | രാജേഷ് കുമാർ, കുളത്തിറയിൽ, പുലിയൂർ | ആധാര പ്രകാരം ഭൂമി നിലം എന്ന് കാണുന്നു. |
| 5 | കരുണാകരൻ, വാഴത്തുണ്ടിൽ, ഇലഞ്ഞിമേൽ | |

| | | |
|---|---|---|
| | പി ഓ, ചെറിയനാട് | |
| 6 | കമലക്കണ്ണൻ, ഗമാലിയേത്ത്, പുലിയൂർ | പുലിയൂർ ഗ്രാമപഞ്ചായത്തിൽ നിന്ന് ആനുകൂല്യം നൽകിയിട്ടില്ല എന്ന സാക്ഷ്യപത്രമില്ല |
| 7 | അജിത്ത് കുമാർ, പി ആർ, ചെമ്പാഴത്തറയിൽ, പുലിയൂർ | ആനുകൂല്യം പുലിയൂർ ഗ്രാമപഞ്ചായത്തിൽ നിന്ന് നൽകിയതായി കാണുന്നു. |
| 8 | സുലഭകുമാരി, രാധാലയം, ഇലഞ്ഞിമേൽ | ആധാരത്തിൽ ബുധനൂർ ഗ്രാമപഞ്ചായത്തിൽ നിന്നുള്ള ആനുകൂല്യം നൽകിയതായി കാണുന്നു. |
| 9 | സുനിൽകുമാർ, ഇലവുംകീഴിൽ, ചെറിയാനാട് | ആധാര പ്രകാരം വാങ്ങിയ ഭൂമി നിലമാണ് |
| 10 | ശ്രീകുമാരി ദേവി. എസ്, ശ്രീകലാസദനം, ചെറിയനാട് | ആധാര പ്രകാരം വാങ്ങിയ ഭൂമി നിലമാണ് |

മേൽ ഗുണഭോക്താക്കൾ വീട് നിർമ്മാണം പൂർത്തീകരിച്ചതിന്റെ വിവരങ്ങൾ ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (17/19.4.2022) ലഭ്യമാക്കിയ മറുപടിയിൽ, ക്രമ നം.7,8 ലെ ഗുണഭോക്താക്കൾക്ക് ആനുകൂല്യം നല്കിയത് വി ഇ ഒ മാരുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അതാത് ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാരാണെന്ന് മറുപടി നല്കി. എന്നാൽ ഗ്രാമപഞ്ചായത്തിൽ നിന്ന് ആനുകൂല്യം നല്കിയിട്ടില്ല എന്ന് തെളിയിക്കുന്ന രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ മേൽപ്പറഞ്ഞ രണ്ട് ഗുണഭോക്താക്കൾക്കുമായി അനുവദിച്ച 450000/- രൂപ (ബിൽ നം. 65/19.10.20,80/25.1.21) ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു, എല്ലാ ഗുണഭോക്താക്കളും വീട് നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ടോയെന്ന് പരിശോധിച്ച് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-23 വിവിധ പാട ശേഖരസമിതികൾക്ക് പമ്പ് സെറ്റ് വാങ്ങി നൽകിയത് സംബന്ധിച്ച്

കൃഷി അസിസ്റ്റന്റ് ഡയറക്ടർ മുഖേന ബ്ലോക്ക് പഞ്ചായത്തിന് കീഴിലുള്ള വിവിധ ഗ്രാമപഞ്ചായത്തുകളിലെ പാടശേഖര സമിതികൾക്ക് പമ്പ് സെറ്റും മോട്ടോറും വാങ്ങി നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1 വെൺമണി പഞ്ചായത്തിലെ ചാങ്ങപ്പാടം പാടശേഖരസമിതിയ്ക്ക് മോട്ടോറും പമ്പ് സെറ്റും വാങ്ങി നൽകൽ

പ്രോജക്ട് നം.142/21
ചെലവഴിച്ച തുക : 193300 /-
ബിൽ നം. 1/2020-21/21.3.2021

2)പാടശേഖരസമിതിയ്ക്ക് മോട്ടോറും പമ്പ് സെറ്റും വാങ്ങി നൽകൽ സ്പിൽ ഓവർ
(പ്രോജക്ട് നം. 156/21)
ചെലവഴിച്ച തുക : 790500

3) പാടശേഖരസമിതിയ്ക്ക് മോട്ടോറും പമ്പ് സെറ്റും വാങ്ങി നൽകൽ
(പ്രോജക്ട് നം. 46/21)

ചെലവഴിച്ച തുക : 3,06,500/-

ക്രമ നം.1 ലെ പ്രോജക്ട് പ്രകാരം കെയ്കോ, തിരുവല്ല ഓഫീസിൽ നിന്ന് 10 HP മോട്ടോറും പമ്പ് സെറ്റും വാങ്ങി ചാങ്ങപ്പാടം പാട ശേഖര സമിതിയ്ക്കും ക്രമനം.2 ലെ പ്രോജക്ട് പ്രകാരം കെയ്കോ, തിരുവല്ല ഓഫീസിൽ നിന്ന് 30HP കിർലോസ്കർ പമ്പ് സെറ്റും മോട്ടോറും വാങ്ങി പാണ്ടനാട് പഞ്ചായത്തിലെ കീഴ്വന്മഴി പാടശേഖരത്തിനും ക്രമ നം.3 ലെ പ്രോജക്ട് പ്രകാരം പ്രൊഫഷണൽ ഇ സർവ്വീസ്, പത്തനംതിട്ട എന്ന സ്ഥാപനത്തിൽ നിന്ന് 2 സെറ്റ് മോട്ടോറും പമ്പ് സെറ്റും വാങ്ങി ചെറിയനാട് പഞ്ചായത്തിലെ കായലോടി പുഞ്ച പാടശേഖരത്തിന് കൈമാറിയിട്ടുണ്ട്. മേൽ പ്രോജക്ടുകൾ നടപ്പാക്കിയതിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1) സ.ഉ(കൈ) നം.22/18/ത.സ്വ.ഭ.വ.തീയതി 14.2.18 ഖണ്ഡിക-6-1 പ്രകാരം തദ്ദേശ സ്ഥാപനം വാങ്ങി നൽകുന്ന ഉപകരണങ്ങളുടെ മേൽനോട്ടം, നടത്തിപ്പ് എന്നിവയ്ക്കായി ഒരു സമിതി രൂപീകരിക്കണം. ഈ സമിതിയുടെ ചെയർപേഴ്സൺ തദ്ദേശ സ്ഥാപനത്തിന്റെ അദ്ധ്യക്ഷനും കൺവീനർ ബന്ധപ്പെട്ട കൃഷി ഓഫീസറും ആയിരിക്കേണ്ടതാണ്. ഇപ്രകാരം ഒരു സമിതി രൂപീകരിക്കപ്പെട്ടിട്ടില്ല.
2) പമ്പ് സെറ്റുകളുടെ ഉപയോഗം സംബന്ധിച്ച് ബൈലോ തയാറാക്കിയിട്ടില്ല.

3) പാടശേഖരസമിതികളുടെ വരവ് ചെലവ് കണക്കുകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

4) പ്രോജക്ട് നം. 46/21 പ്രകാരം പമ്പ് സെറ്റുകളുടെ വിലയായി 3,00,370/- രൂപ പ്രൊഫഷണൽ ഇ സർവ്വീസിന്റെ ബാങ്ക് അക്കൗണ്ടിലേക്കും 6130/- രൂപ കൃഷി അസിസ്റ്റന്റ് ഡയറക്ടറുടെ അക്കൗണ്ടിലേക്കും നൽകിയിട്ടുണ്ട്. പമ്പ് സെറ്റുകളുടെ വിലയ്ക്ക് പുറമെ ഇപ്രകാരം തുക കൃഷി അസിസ്റ്റന്റ് ഡയറക്ടറുടെ അക്കൗണ്ടിലേക്ക് നൽകാൻ ഇടയായ

കാരണം വ്യക്തമല്ല.

5)കായലോടി പുഞ്ച പാടശേഖര സമിതിയുമായി കരാർ ചമച്ചിട്ടില്ല.

അപാകതകളിന്മേൽ വിശദീകരണം നൽകണമെന്ന് ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന്(നം.1 തീയതി 05-04-2022) പമ്പ് സെറ്റിന്റെ പ്രവർത്തന സംബന്ധിച്ച് ബൈലോ തയാറാക്കുന്നതാണെന്നും കായലോടി പുഞ്ച പാടശേഖര സമിതിയുമായി കരാറിൽ ഏർപ്പെടുന്നതാണെന്നും മറുപടി നല്കി. അതോടൊപ്പം കൃഷി അസിസ്റ്റന്റ് ഡയറക്ടറുടെ അക്കൌണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തിട്ടുള്ള തുക സോഴ്സിൽ നിന്ന് ഈടാക്കിയ ജി എസ് റ്റി തുകയാണെന്നും ടി തുക അടയ്ക്കുന്നതിനുള്ള എസ് ഡി ഓ കോഡ് ലഭ്യമാക്കി തുക ഉടൻ തന്നെ സർക്കാരിലേക്ക് അടയ്ക്കുന്നതാണെന്നും മറുപടി നല്കി. പമ്പ് സെറ്റിന്റെ പ്രവർത്തനവുമായി ബന്ധപ്പെട്ട നടപടി ക്രമങ്ങൾ പാലിക്കേണ്ടതും അടയ്ക്കാൻ അവശേഷിക്കുന്ന ജി എസ് റ്റി തുക സർക്കാരിലേക്ക് അടച്ച് വിവരം അറിയിക്കേണ്ടതുമാണ്.

### 1-24 വിവിധ ആവശ്യങ്ങൾക്കായി ലഭിച്ച തുകകൾ ചെലവഴിക്കാതെ ശേഷിക്കുന്നു,

വാർഷിക കണക്ക് ഷെഡ്യൂൾ ബി-17 പ്രകാരം നിർമൽ പുരസ്കാരം ഇനത്തിൽ 1970546/-രൂപയും ചെറിയനാട് സർവീസ് കോപ്പറേറ്റീവ് ബാങ്ക് അക്കൗണ്ടിൽ 12010/-രൂപയും ഐ.ഡബ്ല്യു.എം.പി ഹരിയാലി അക്കൗണ്ടിൽ 37693/- രൂപയും ചെലവഴിക്കാതെ ശേഷിക്കുന്നു. ടി തുകകൾ ചെലവഴിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നല്കിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ആലപ്പുഴ ജില്ലാ പഞ്ചായത്ത് | 2020-21 | 490000 | 147, പി.എം.എ.വൈ പദ്ധതി-ജനറൽ | 490000 | 0 |
| „ | „ | 196000 | 115, പി.എം.എ.വൈ വിഹിതം (എസ്.സി.പി) | 196000 | 0 |
| „ | „ | 700000 | 63, ചെങ്ങന്നൂർ ബ്ലോക്ക് പഞ്ചായത്ത് 2019-20 -പാണ്ടനാട് എം.വി. ലൈബ്രറി കെട്ടിടനിർമ്മാണം | 700000 | 0 |

| | | | | | |
|---|---|---|---|---|---|
| | | | | | |
| ആകെ | | 1386000 | | 1386000 | |

## 4-2 നിക്ഷേപ പ്രവൃത്തികൾക്ക് നല്കിയ തുകയുടെ വിവരങ്ങൾ

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നം./ ചെക്ക് നം. | മുൻകൂർ നല്കിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| അനർട്ട്, ആലപ്പുഴ | 95/21 പട്ടികജാതി കോളനികളിൽ സൗര വൈദ്യുത വിളക്കുകൾ | | 3146000 | 1891120 | 1254880 |
| | | | | | |
| കേരള വാട്ടർ അതോറിറ്റി, ആലപ്പുഴ | 74/21 ചെറിയനാട് പഞ്ചായത്തിന് കുടിവെള്ള പദ്ധതിയും ഗാർഹിക കണക്ഷനും | | 500000 | 409186 | 90814 |
| കെ.എസ്.ഇ. ബി. | 85/21 ചെറിയനാട് മുട്ടംപാട്ട് കടവ് കരിപ്പുറം റോഡിൽ കായലോടി പുഞ്ച ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിക്ക് വൈദ്യുത ലൈൻ എക്സ്റ്റൻഷൻ | | 205000 | 0 | 205000 |
| കെ.എസ്.ഇ. ബി. | 56/21 ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിക്ക് വൈദ്യുതലൈൻ എക്സ്റ്റൻഷൻ | | 333468 | 0 | 333468 |
| ആകെ | | | 4184468 | 2300306 | 1884162 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-4 വായ്പ/ വായ്പാതിരിച്ചടവ്

ഇല്ല

## 4-5 സ്ഥിര നിക്ഷേപം

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറി ഇനത്തിൽ തൻവർഷം വരവില്ല.

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

ഇല്ല.

## 4-8 ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം

ചാർജ്ജ്/സർചാർജ്ജ് നടപടികളിലൂടെ തൻവർഷം തുകയൊന്നും ഈടാക്കിയിട്ടില്ല.

## 4-9 ഓഡിറ്റ് പ്രത്യവലോകനം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 11058736 (മുന്നിരിപ്പുൾപ്പടെ) |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 70811348 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 33,90,648 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല.

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-13 | 2,05,000 | സുലജ.ആർ<br>സെക്രട്ടറി<br>ബ്ലോക്ക് പഞ്ചായത്ത് |
| 1-14 | 3,33468 | സഖി.എം<br>സെക്രട്ടറി<br>ബ്ലോക്ക് പഞ്ചായത്ത് |
| 1-15 | 1254880 | സുലജ. ആർ,സെക്രട്ടറി |
| 1-16 | 32300 | ശ്രീമതി.സഖി.എം<br>സെക്രട്ടറി<br>ബ്ലോക്ക് പഞ്ചായത്ത് |
| 1-17 | 2,50,000 | ശ്രീമതി.ഷീല.എസ്<br>സിഡി.പി.ഒ |
| 1-18 | 725000 | ശ്രീമതി. പ്രീതി.കെ.ആർ<br>ഡയറി എക്സ്റ്റൻഷൻ ഓഫീസർ |
| 1-19 | 40,000 | ശ്രീമതി.ബീന എസ്,<br>സെക്രട്ടറി |
| 1-20 | 1,00,000 | ശ്രീമതി.ഷീല.എസ്<br>സിഡി.പി.ഒ |
| 1-22 | 4,50,000 | ശ്രീമതി. സഖി.എം<br>സെക്രട്ടറി<br>ബ്ലോക്ക് പഞ്ചായത്ത് |
| ആകെ | 33,90,648 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം

മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ<br>(ഓഡിറ്റ് നടന്ന സമയത്തെ)<br>ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| സുലജ.ആർ, സെക്രട്ടറി<br>ബ്ലോക്ക് പഞ്ചായത്ത് | ജില്ലാ വനിതാക്ഷേമ ഓഫീസർ,<br>കൊല്ലം, കളക്ടേറ്റ്, കൊല്ലം | അഫ്സാഭവൻ<br>മുളവന.പി.ഒ,<br>കൊല്ലം |
| സഖി.എം,സെക്രട്ടറി<br>ബ്ലോക്ക് പഞ്ചായത്ത് | ജില്ലാ വനിതാ വികസനക്ഷേമ ഓഫീസർ<br>തിരുവനന്തപുരം | കിഴക്കുംകാവ് വീട്<br>ഊക്കോട്<br>നേമം.പി.ഒ<br>തിരുവനന്തപുരം |
| പ്രീതി.കെ.ആർ<br>ഡയറി എക്സ്റ്റൻഷൻ ഓഫീസർ | ക്ഷീരവികസന എക്സ്റ്റൻഷൻ യൂണിറ്റ്, മിനി സിവിൽസ്റ്റേഷൻ, ചെങ്ങന്നൂർ | ലഭ്യമല്ല |
| ശ്രീമതി ഷീല.എസ്<br>സിഡി.പി.ഒ | സി.ഡി.പി.ഒ<br>ചെങ്ങന്നൂർ ബ്ലോക്ക് പഞ്ചായത്ത് | പ്രയാഗ്<br>മുഖത്തല.പി.ഒ<br>കൊല്ലം |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

.

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1995-96 | എൽ. എഫ് എ3-/310/00/തീയതി 5.10.2010 |
| 1996-97 | എൽ.എഫ് എ5/87/01/തീയതി 1.6.2001 |
| 1997-98 | എൽ.എഫ് എ5/87/01/തീയതി 1.6.2001 |
| 1998-99 | എൽ.എഫ് എ5/87/01/തീയതി 29.9.01 |
| 2000-01 | എൽ.എഫ്.എ7/1298(എ))/04/തീയതി 5.8.2005 |
| 2002-03 | എൽ.എഫ്.ജിഎ/ബിപി അദാലത്ത്/26/14(32) തീയതി 31.3.2014 |
| 2003-04 | എൽ.എഫ്.ജിഎ/ബിപി അദാലത്ത്/26/14(33) തീയതി 31.3.2014 |
| 2004-05 | എൽ.എഫ്.എ/ബിപി അദാലത്ത്/26/14(34) തീയതി 31.3.2014 |
| 2005-06 | എൽ.എഫ്.എ/ബിപി അദാലത്ത്/26/14(35) തീയതി 31.3.2014 |
| 2006-07 | എൽ.എഫ്.എ/ബിപി അദാലത്ത്/26/14(36) തീയതി 31.3.2014 |
| 2007-08 | എൽ.എഫ്.എ/ബിപി അദാലത്ത്/26/14(37) തീയതി 31.3.2014 |
| 2008-09 | എൽ.എഫ്.എ 1577/13/12.5.14 |
| 2009-10 | എൽ.എഫ്.എ/ബിപി അദാലത്ത്/26/14(38)തീയതി 31.3.2014 |
| 2010-11, 2011-12 | എൽ.എഫ്.എ7/275/2013/3.6.13/30.6.13 |
| 2012-13 | എൽ.എഫ്.എ.പി3/364/2015/30.5.2015 |
| 2013-14, 2014-15 | കെ.എസ്.എ-എ.എൽ.പി-ബി.പി-1573/2015 |
| 2015-16 | കെ.എസ്.എ-എ.എൽ.പി/ബി.പി-209/17 തീയതി 10.3.17/22.3.17 |
| 2016-17 | കെ.എസ്.എ-എ.എൽ.പി/ബി.പി-1453/17 തീയതി 07.12.2017 |
| 2017-18 | കെ.എസ്.എ-എ.എൽ.പി/ബി.പി-143/2019 തീയതി 08.02.2019 |
| 2018-19 | കെ.എസ്.എ-എ.എൽ.പി/ബി.പി-124/2020 തീയതി 24.04.2020 |
| 2019-20 | കെ.എസ്.എ-എ.എൽ.പി/ബി.പി-692/2022 തീയതി 06.07.2022 |

തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ ആലപ്പുഴ ജില്ലയിലെ ചെങ്ങന്നൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

ആലപ്പുഴ ജില്ലയിലെ ചെങ്ങന്നൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്